(എ) വ്യവസായ വകുപ്പിന്റെ ഡയറക്ടറേറ്റിൽ എൽ. ഡി. സി., എൽ. ജി. എസ്., എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലായി എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയുണ്ടായോ;

(ബി) വരുന്ന ആറുമാസ കാലയളവിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.ഡി.സി., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിൽ ഒഴിവുകളൊന്നുംതന്നെയില്ല. എൽ.ജി.എസ്. തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) എൽ.ഡി.സി. തസ്തികയിൽ സ്വാഭാവികമായുണ്ടാകുന്ന ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിരിക്കുന്നു. എൽ.ജി.എസ്., എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകൾ ഒന്നുംതന്നെ വരില്ല.

(സി) ഒഴിവുകൾ വരുന്നമുറയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

## വ്യവസായ പ്ലോട്ടുകൾ

213 (3367) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ കഴിഞ്ഞ 5 വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സിഡ്കോയുടെ കീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന വ്യവസായ പ്ലോട്ടുകൾ ഇല്ല. വ്യവസായ സംരംഭകർക്ക് അനുവദിച്ച് നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകൾ ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ



LIBRARY ARCHIVES Kerala Legislative Assembly

സിഡ്കോ അനുവദിച്ചു നൽകുന്നുണ്ട്. വ്യവസായ വകുപ്പിന് കീഴിൽ കഴിഞ്ഞ അഞ്ച് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന 90 വ്യവസായ പ്ലോട്ടുകളുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന പ്ലോട്ടുകളിൽ ഭൂരിഭാഗവും ഒഴിപ്പിച്ച് പുതിയ സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവ കൂടി അലോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കശുവണ്ടി വ്യവസായം**

214 (3368) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചു പഠിക്കാൻ 23 പേരടങ്ങിയ ഒരു കമ്മിറ്റി ഗവണ്മെന്റ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത 23 പേരടങ്ങിയ കമ്മിറ്റി 3 മാസത്തിനകം പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുക പ്രായോഗികമാണോ;

(സി) വ്യവസായത്തിൽത്തന്നെ യന്ത്രവത്കൃത മേഖലയിലെ തൊഴിലാളികളുടെ കൂലി ഘടന നിർണ്ണയിക്കാൻ പ്രസ്തുത കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ; കശുവണ്ടി വ്യവസായത്തിൽ പുതിയ മിനിമം വേജസ് നിശ്ചയിച്ചു പ്രഖ്യാപിച്ച സാഹചര്യത്തിൽ അതേ വ്യവസായത്തിലെ യന്ത്രവത്കൃത വിഭാഗത്തിലേക്കു പ്രത്യേക മിനിമം കൂലി നിശ്ചയിക്കുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയല്ലേ എന്ന് കരുതുന്നുണ്ടോ;

(ഡി) തൊഴിൽ വകുപ്പിനാണ് മിനിമം വേജസ് നിശ്ചയിക്കാനുള്ള അധികാരമെന്നിരിക്കെ വ്യവസായ വകുപ്പ് ഇടപെടുന്നതിലുള്ള പ്രസക്തി എന്താണെന്ന് അറിയിക്കാമോ; മിനിമം വേജസ് കമ്മിറ്റിയിൽ തൊഴിലാളി - തൊഴിലുടമ പ്രതിനിധികൾക്ക് തുല്യ പ്രാതിനിധ്യമുണ്ടാകണമെന്ന നിയമം നിലനിൽക്കുമ്പോൾ പ്രസ്തുത നിയമവും കീഴ്വഴക്കവും പാലിച്ച് നിലവിൽ പ്രഖ്യാപിച്ച മിനിമം വേജസ് നടപ്പിലാക്കാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

ഉത്തരം

(എ) കശുവണ്ടി വ്യവസായ രംഗത്ത് യന്ത്രവൽക്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ വ്യവസായത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പറ്റി പഠിക്കുവാനും യന്ത്രവൽക്കരണരംഗത്ത് പുതിയ കൂലി ഘടന നിശ്ചയിക്കുന്നതിനുവേണ്ടി തൊഴിവാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly